പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2133 **26-10-2026-ൽ മറുപടിയ്ക്ക്**

പാറാലിലെ ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. പ്രവീൺ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കുത്തുപറമ്പ മണ്ഡലത്തിലെ കുത്തുപറമ്പിൽ ആധുനിക രീതിയിലുള്ള ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മിക്കാൻ നഗരത്തിന്റെ കണ്ണായ സ്ഥലമായ പാറാലിൽ ഏറെ നീണ്ട നിയമ പോരാട്ടങ്ങൾക്ക് ശേഷം നഗരസഭ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: കുത്തുപറമ്പ് നഗരസഭ ബസ് ടെർമിനൽ നിർമ്മാണത്തിനായി 2023-24 സാമ്പത്തിക വർഷത്തിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ പട്ടിക -അനുബന്ധം II വാല്യം II -ക്രമ നമ്പർ 440 ആയി, 10000 ലക്ഷം രൂപ അടങ്കൽ തുക കണക്കാക്കി, 100 കോടി രൂപ വകയിരുത്തിയ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പുതുക്കിയ DSR 2021 നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) കണ്ണൂർ വിമാനത്താവളം, വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രം, മൾട്ടി സ്പെഷ്യാലിറ്റി ഗവൺമെന്റ് താലൂക്ക് ആശുപത്രി എന്നിവയോട് അടുത്ത് കിടക്കുകയും മൈസൂരു, ബംഗളൂരു, ഊട്ടി ഉൾപ്പെടെ അന്തർ സംസ്ഥാന ബസ് റൂട്ടുകളുമുള്ള കുത്തുപറമ്പിൽ അത്യാധുനിക സൗകര്യത്തോടെയുള്ള ബസ് ടെർമിനൽ നിർമ്മിക്കുന്നത് ഈ മേഖലയുടെ വികസന വളർച്ചയ്ക്ക് കുതിപ്പേകുമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം, പ്രമുഖ അന്തർസംസ്ഥാന പാതകൾ എന്നിവയുടെ സാമീപ്യമുള്ള കുത്തുപറമ്പ് നഗരത്തിലെ ദിനംപ്രതിയുള്ള ഗതാഗത തിരക്ക് പരിഹരിക്കുന്നതിനും മേഖലയുടെ സർവ്വതോമുഖമായ വികസനത്തിനും ആധുനിക ബസ് ടെർമിനൽ അത്യന്താപേക്ഷിതമാണ്

(സി) കേന്ദ്രാവിഷ്കൃത പദ്ധതി ഉപയോഗപ്പെടുത്തിയോ, സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് പ്രത്യേക ഫണ്ട് ഉപയോഗിച്ചോ അല്ലെങ്കിൽ സർക്കാർ നിയന്ത്രണത്തിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കിയോ

പ്രസ്തുത ബസ് ടെർമിനൽ യാഥാർത്ഥ്യമാക്കാൻ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത പദ്ധതിയ്ക്ക് 2026-27 സംസ്ഥാന ബജറ്റിൽ ടോക്കൺ തുക വകയിരുത്തി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത രീതിയിൽ ഫണ്ട് ലഭ്യമാക്കുന്നതിനും, കേന്ദ്ര / സംസ്ഥാന ആവിഷ്കൃത ഫണ്ടുകൾ, കിഫ്ബി (KIIFB) ഫണ്ട് ഉപയോഗപ്പെടുത്തി SPV മുഖേനയോ ടി പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിൽ പരിശോധിച്ചു വരുന്നു

(ഡി) പ്രസ്തുത ബസ് സ്റ്റാൻഡ് ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

മറുപടി: പ്രസ്തുത പദ്ധതിക്കായി 10.75 ഏക്കർ ഭൂമി നഗരസഭ ഏറ്റെടുത്തു കഴിഞ്ഞു. ഒന്നാം ഘട്ട നിർമ്മാണത്തിനായി GITPAC ഏജൻസി വഴി 37.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിലേക്കായി KURDFC വഴി 33.34 കോടി രൂപ (90%) വായ്പ അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത വായ്പ എടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിയ്ക്കുകയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 02/08/2026 ലെ സ.ഉ(എം.എസ്) നം 109/2026/ LSGD സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളതിനാൽ ആയത് പ്രകാരം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ